25
THURSDAY
APRIL 2019

# ദുബായ് വാർത്ത

www.dubaivartha.com
A WHATSAPP NEWS PAPER



## കൊളംബോയിൽ വീണ്ടും സ്ഫോടനം



**ശ്രീലങ്കയുടെ തലസ്ഥാനമായ കൊളംബോയുടെ സമീപത്തുള്ള പുഗോഡ നഗരത്തിൽ സ്ഫോടനം. ആളപായമില്ല**

---

## പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരെ വാരാണസിയിൽ പ്രിയങ്കാ ഗാന്ധി മത്സരിക്കില്ല.



**2014ൽ വാരാണസിയിൽ മോദിയോട് മത്സരിച്ചു തോറ്റ അജയ് റായിയെ തന്നെ വീണ്ടും കോൺഗ്രസിന്റെ സ്ഥാനാർഥിയായി മത്സരിക്കും.**

---

## ഒടുവിൽ കല്ലട സുരേഷ് പോലീസിൽ ഹാജരായി.






**യാത്രയ്ക്കിടയിൽ ബസിനുള്ളിൽ യുവാക്കൾ ആക്രമിക്കപ്പെട്ട വിഷയവുമായി ബന്ധപ്പെട്ടു ആരോഗ്യ കാരണങ്ങൾ കാണിച്ച് തൽക്കാലം പൊലീസിനെ കാണാൻ സാധിക്കില്ലെന്ന് സുരേഷ് കല്ലട രാവിലെ അറിയിച്ചിരുന്നെങ്കിലും ഇപ്പോൾ ഹാജരായതിന് പുറമെ മൊഴിയെടുക്കൽ പുരോഗമിക്കുന്നു.**

## ശ്രീലങ്കൻ സ്ഫോടനത്തിൽ യുഎഇയിലെ ഇന്ത്യൻ പ്രവാസിയുടെ മരണം സ്ഥിതീകരിച്ചു.

**ഈസ്റ്റർ ദിനത്തിൽ നടന്ന ശ്രീലങ്കയിലെ സ്ഫോടന പരമ്പരയിൽ മരിച്ചവരുടെ കൂട്ടത്തിൽ ദുബായിലെ ഇന്ത്യൻ പ്രവാസി ആയിരുന്ന ജുനോ ശ്രിവാസ്തവയുടെ മരണം ഇന്ത്യൻ  കോൺസുലേറ്റ് ജനറൽ സ്ഥിതീകരിച്ചു.**



ഉത്തർപ്രദേശുകാരനായ ജുനോ ബിസിനസ് സംബന്ധിത കാര്യങ്ങൾക്കായി സഹപ്രവർത്തകനുമൊപ്പം കൊളംബോയിൽ പോയതായിരുന്നു.

---

## ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം; തമിഴ്നാട്ടിൽ 30ന് കൊടുങ്കാറ്റിന് സാധ്യത കേരളത്തിലും പ്രത്യാഘാതങ്ങളുണ്ടാകും



ശ്രീലങ്കയുടെ തെക്കുകിഴക്ക് വ്യാഴാഴ്ചയോടെ രൂപം കൊള്ളുന്ന ന്യൂനമർദ്ദം തമിഴ്നാട് തീരത്ത് ചുഴലിക്കാറ്റായി എത്താൻ സാധ്യതയുണ്ടെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# മൂന്നു ദിവസത്തെ നഷ്ടത്തിനുശേഷം പോസിറ്റീവ് ട്രെന്റിംഗ് കാണിച്ച് ഇന്ത്യൻ വിപണി



**നിരാശയുടെ മൂന്ന് ദിവസങ്ങൾക്ക് ശേഷം ഇന്ത്യൻ വിപണിയിൽ സ്ഥിരതയാർന്ന ഓപ്പണിങ്.പ്രതീക്ഷകൾ നിലനിർത്തിയാണ് ഇന്നലെ വിപണി ക്ലോസ് ചെയ്തത്.**

---

# ഉരുളക്കിഴങ്ങ് കൃഷി ചെയ്യാൻ സമ്മതിക്കില്ലെന്ന നിബന്ധനയോടെ പെപ്സിക്കോ കമ്പനി: ആശങ്കയോടെ കർഷകർ




**ലയ്സ് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഉരുളകിഴങ്ങ് നിർമിക്കാനുള്ള അവകാശം തങ്ങൾക്ക് മാത്രം ഉള്ളതെന്ന് കാണിച്ച് ഒൻപതോളം കർഷകർക്കെതിരെ പെപ്സിക്കോ കമ്പനി പരാതി നൽകി. ഗുജറാത്തിലെ സബർകന്ദ, ആരവല്ലി എന്നീ സ്ഥലങ്ങളിലെ കർഷകർക്കെതിരെയാണ് കേസ് എടുത്തിരിക്കുന്നത്**

---



# യുഎ ഇ യിൽ വരും ദിവസങ്ങളിൽ ഹ്യുമിഡിറ്റി കൂടും.

**ചെറിയ തോതിൽ പൊടിക്കാറ്റിനും സാധ്യത.**